# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2357** — **13.02.2013**- ലെ മറുപടിക്ക്

## സാഹിത്യപ്രവർത്തകസഹകരണ സംഘം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) വിശ്വവിജ്ഞാനകോശത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ എറണാകുളം ഓഫീസിൽ താൽക്കാലിക ജീവനക്കാരനായ ആർ. ഗോപാലകൃഷ്ണൻ പതിനഞ്ചുലക്ഷത്തോളം രൂപ കൈപ്പറ്റുകയും ഇതിന്മേലുള്ള വൗച്ചറുകൾ സെറ്റിൽ ചെയ്യാതിരിക്കുകയും ചെയ്തതിനെക്കുറിച്ച് സംഘത്തിന്റെ 1990-91 -ലെ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതാസംഗ്രഹത്തിൽ പരാമർശമുണ്ടായിട്ടും സഹകരണവകുപ്പ് വേണ്ട നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>ബി) ആഡിറ്റ് ന്യൂനതാസംഗ്രഹത്തിൽ വ്യക്തമായ പരാമർശമുണ്ടായിട്ടും കണക്ക് സെറ്റിൽ ചെയ്യുവാൻ ഉത്തരവാദിത്വം ഉള്ള വ്യക്തി രണ്ടു ദശാബ്ദം കഴിഞ്ഞിട്ടും ഇത് സെറ്റിൽ ചെയ്യാത്തതിനെക്കുറിച്ച് അന്വേഷിക്കാത്തതെന്തുകൊണ്ട്;<br><br>സി) കണക്കുകൾ സെറ്റിൽ ചെയ്യാൻ ബാദ്ധ്യതയുള്ള ഈ വ്യക്തിക്കെതിരെ സിവിൽ, ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്ത് സഹകരണനിയമപ്രകാരം സർച്ചാർജ്ജ് ചുമത്തി തുക ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (എ), (ബി) & (സി) | 1988-89 കാലയളവിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച വിശ്വവിജ്ഞാനകോശം എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിച്ചിരുന്ന ശ്രീ. ആർ ഗോപാലകൃഷ്ണൻ സംഘത്തിൽ നിന്നും അഡ്വാൻസായി കൈപ്പറ്റിയ 14,48,724.40/- രൂപയിൽ 13,02,063.07/- രൂപയുടെ വൗച്ചറുകൾ സമർപ്പിക്കുകയും ആയത് സംഘം കണക്കിൽ വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1,46,661.33/- രൂപയിൽ ഫർണീച്ചറിന് ചെലവായ 29,878/- രൂപയുടെയും പ്രിന്റിംഗ് ചെലവായ 34,938 രൂപയുടെയും ബില്ലുകൾ ടിയാൻ സംഘത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതിന് ശേഷം വരുന്ന 81,845.33/- രൂപ ചെക്ക് മുഖാന്തിരം സംഘത്തിന് അടച്ച് കണക്ക് സെറ്റിൽ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റ് തുടർ നടപടികൾ സംഘം സ്വീകരിക്കുകയുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ